## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസർഗോഡ് ജില്ല - ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് - 2008-09 സാമ്പത്തിക വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് - തടസ്സപ്പെടുത്തിയ തുക - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

### തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

**സ.ഉ.(സാധാ)നം. 2050/2020/തസ്വഭവ.** **തിരുവനന്തപുരം, തീയതി. 2/11/2020**

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 17/07/2019 ലെ പി എ എൻ/8262/19/എം3(ഡിപി) നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 13/01/2019 ലെ കെ.എസ്.എ./ 2704/2019-പി.റ്റി.3 നമ്പർ കത്ത്.

3) ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 13/05/2019 ലെ SCI/2425/19 നമ്പർ കത്ത്.

## ഉത്തരവ്

16.08.2006 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 196/06/ തസ്വഭവ പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ അക്കൗണ്ട് കുടിശ്ശിഖ മാർഗ്ഗരേഖയിൽ 2005-2006 വരെയുള്ള കണക്കുകൾ പൂർത്തിയാക്കുവാൻ 20,000-രൂപ വരെയുള്ള തുക ചെലവഴിക്കാമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഗ്രാമപഞ്ചായത്ത് 2007-08 സാമ്പത്തിക വർഷത്തെ അക്കൗണ്ട് തയ്യാറാക്കാനായി ചെലവഴിച്ച 10,200/- രൂപ (പതിനായിരത്തി ഇരുന്നൂറ് രൂപ മാത്രം) സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട് 2008-09 ഖണ്ഡിക 3.2 പ്രകാരം തടസ്സപ്പെടുത്തുകയുണ്ടായി.

2. എന്നാൽ 2007-08 കാലയളവിൽ അക്കൗണ്ടന്റ് തസ്തിക ഇല്ലാതിരുന്നതിനാലും ജീവനക്കാരുടെ അഭാവം, വർദ്ധിച്ച ജോലിഭാരം എന്നിവ മൂലം 2007-08 ലെ അക്കൗണ്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് വേണ്ടിയും ഓഡിറ്റിന് ആവശ്യമായ സാഹചര്യം ഒരുക്കുന്നതിന് വേണ്ടിയുമാണ് തുക ചെലവഴിച്ചതെന്നും ആയതിനാൽ തടസ്സതുകയ്ക്ക് സാധൂകരണം നൽകണമെന്നും പഞ്ചായത്ത് സെക്രട്ടറി പരാമർശം(3) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

3. ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 13/05/2019 ലെ യോഗതീരുമാനം, ജില്ലാ മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനം എന്നിവയും സാധൂകരണ അപേക്ഷയ്ക്ക് ശുപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശിപാർശ പരിഗണിച്ചും പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമപഞ്ചായത്തിലെ 2008-09 സാമ്പത്തിക വർഷത്തെ സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം തടസ്സപ്പെടുത്തിയ 10,200/- (പതിനായിരത്തി ഇരുന്നൂറ് രൂപ മാത്രം) രൂപയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ജെയ്സി പോൾ**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
സെക്രട്ടറി, ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**